നമ്പർ.എ.1/41905/2011/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം. തിരുവനന്തപുരം,
തീയതി: 27.10.2011.

## സർക്കുലർ IV

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം- അദ്ധ്യാപകരുടെ ജില്ല/അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കാര്യക്ഷമമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന:- (1) 25/07/2009 ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ഡി5/11481/09/ഡിപിഐ
(2) 4/2/2010, 3/6/2010 എന്നീ തീയതികളിലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ബി1/10488/2010/ഡിപിഐ
(3) 29/6/2011 ലെ ഈ ഓഫീസിലെ ബി1/8224/2011/ഡിപിഐ നമ്പർ സർക്കുലർ
(4) 15/9/2011, 3/10/2011, 18/10/2011 എന്നീ തീയതികളിലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ എ1/41905/2011/ഡിപിഐ

-----------

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രഥമ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ തുടങ്ങിയവരുടെ സ്ഥലംമാറ്റങ്ങൾ 2009-10 അദ്ധ്യായന വർഷം മുതൽ ഓൺലൈൻ മുഖേനയാണ് നടത്തിവരുന്നത്. മേൽ പ്രസ്താവിച്ച വിഭാഗങ്ങളിലെ പുതുതായി ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം അപ്ലോഡ് ചെയ്യുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ടി സൂചന പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഭാഗത്തും വീഴ്ച വരുത്തിയിരിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. 2011-12 ലെ ജില്ലാന്തര സ്ഥലംമാറ്റത്തിനുള്ള നിർദ്ദേശങ്ങൾ സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ അപേക്ഷകളുടെ പരിശോധനകൾ ഉൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം കർശനമായി പാലിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ നടത്തിയിട്ടുള്ള സ്ഥലംമാറ്റങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണെന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.

2. ഓൺലൈൻ മുഖേന അപേക്ഷിച്ച് സ്ഥലംമാറ്റം ലഭിക്കുകയും തസ്തിക നിർണ്ണയം മൂലം ഡിവിഷൻ കുറവു വരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ പ്രസ്തുത അദ്ധ്യാപകരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷകർ ഇല്ലാത്തതും അവർക്ക് ഏറ്റവും സൗകര്യപ്രദവുമായ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നൽകേണ്ടതുമാണ്. ഇത്തരത്തിൽ ഒഴിവുകൾ നികത്തിയതിനുശേഷവും, അവശേഷിക്കുന്ന ഒഴിവുകളിൽ ഓൺലൈൻ അപേക്ഷകർ ഇല്ലായെങ്കിൽ എഴുതി തയ്യാറാക്കിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ സ്ഥലംമാറ്റം നൽകാവുന്നതാണ്.

3. ഒഴിവുകൾ യഥാസമയം വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷന് അർഹതയുള്ളവർക്ക് ആയത് പരിശോധിച്ച് സ്ഥലംമാറ്റം നൽകേണ്ടതാണ്. ഓൺലൈൻ അപേക്ഷകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് സ്ഥലംമാറ്റങ്ങൾ നടത്തിയതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

4. സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി വിദ്യാഭ്യാസ ഉപഡയറ്കടർമാർ സൂക്ഷിക്കേണ്ടതാണ്.

5. ഇക്കാര്യത്തിലുണ്ടാകുന്ന സംശയങ്ങളുടെ നിവാരണത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: (0471 2580513)

6. സഹതാപാർഹ സ്ഥലംമാറ്റത്തിനുള്ള ലിസ്റ്റ് ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിലാണ് സ്ഥലംമാറ്റങ്ങൾ നൽകുന്നതെന്നും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.

7. വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടത്തുന്ന സ്ഥലംമാറ്റങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമായിരിക്കും. മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

(1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
(2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ
(3) കരുതൽ ഫയൽ

എം.ആർ.27.10.11